## പതിനാലാം കേരള നിയമസഭ

### പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത 29.01.2019 ൽ മറുപടിക്ക്

ചോദ്യം നമ്പർ : 497

## സംസ്ഥാനത്തെ കേന്ദ്ര-പൊതുമേഖല സ്ഥാപനങ്ങൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.യു. ആർ. പ്രദീപ് : | | ശ്രീ.ഇ.പി.ജയരാജൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |
| (എ) | കഴിഞ്ഞ നാലര വർഷത്തിനുള്ളിൽ കേന്ദ്ര സർക്കാർ സംസ്ഥാനത്തിന് പൊതുമേഖല വ്യവസായ സ്ഥാപനങ്ങൾ അനുവദിച്ചു നൽകിയിട്ടുണ്ടോ; എങ്കിൽ അവ ഏതെല്ലാമാണ്; എത്ര കോടി രൂപ ഈയിനത്തിൽ മുതൽ മുടക്കിയിട്ടുണ്ട്; | (എ) | കഴിഞ്ഞ നാലര വർഷത്തിനുള്ളിൽ സംസ്ഥാനത്ത് പുതിയതായി കേന്ദ്ര പൊതുമേഖല വ്യവസായ സ്ഥാപനങ്ങൾ സംസ്ഥാനത്ത് ആരംഭിച്ചിട്ടില്ല. |
| ബി) | പ്രസ്തുത കാലയളവിൽ സംസ്ഥാനത്തെ എത്ര കേന്ദ്ര പൊതുമേഖല സ്ഥാപനങ്ങൾ സ്വകാര്യവൽക്കരിക്കാൻ കേന്ദ്ര സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ട്; ഇത് സംബന്ധിച്ച വിശദാംശം വ്യക്തമാക്കുമോ; | (ബി) | സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്ന കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളായ ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡ്, പാലക്കാട്, BHEL-EML, കാസർഗോഡ്, ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ്, കോട്ടയം, HLL ലൈഫ് കെയർ ലിമിറ്റഡ് എന്നീ സ്ഥാപനങ്ങൾ നീതി ആയോഗിന്റെ ശുപാർശ പ്രകാരം ഓഹരി വിറ്റഴിക്കാൻ കേന്ദ്ര സർക്കാർ നടപടികൾ സ്വീകരിച്ചു വരുന്നു. കേന്ദ്ര സർക്കാർ സ്വകാര്യവൽക്കരിക്കുവാൻ തീരുമാനിച്ച കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡിന്റെ പാലക്കാട് യൂണിറ്റിനെ സംസ്ഥാന സർക്കാർ ഏറ്റെടുക്കുവാൻ തീരുമാനിച്ച് പുതിയ കമ്പനി രൂപീകരിക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>ഭാരത് ഹെവി ഇലക്ട്രിക്കൽസ് ലിമിറ്റഡിന്റെയും സംസ്ഥാന സർക്കാരിന്റെയും സംയുക്ത സംരംഭമായ കാസർഗോഡുള്ള |

| | | |
|---|---|---|
| | | ബി.എച്ച്. ഇ. എൽ - ഇ. എം .എൽ -ൽ ഉള്ള 51% ബി.എച്ച്. ഇ. എൽ ന്റെ ഓഹരികൾ സംസ്ഥാന സർക്കാരിന് കൈമാറാനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.<br><br>കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ ഹിന്ദുസ്ഥാൻ പേപ്പർ കോർപ്പറേഷന്റെ സബ്സിഡിയറിയായി കേരളത്തിൽ കോട്ടയം ജില്ലയിൽ പ്രവർത്തിക്കുന്ന ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡിനേയും സ്വകാര്യവത്ക്കരിക്കുന്നതിനുള്ള തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ കമ്പനിയുടെ മുഴുവൻ ഓഹരികളും വിൽക്കുന്നതിനായി പൊതു ലേലത്തിൽ പങ്കെടുക്കുന്നതിന്റെ ഭാഗമായി Expression of Interest ൽ പങ്കെടുക്കാൻ കേരള സർക്കാരിനെ ക്ഷണിക്കുകയും ചെയ്തിട്ടുണ്ട്. ഹോൾഡിംഗ് കമ്പനിയായ ഹിന്ദുസ്ഥാൻ പേപ്പർ കോർപ്പറേഷന്റെ ലിക്വിഡേഷൻ നടപടികൾ നാഷണൽ കമ്പനി ലാ ട്രിബ്യൂണലിൽ നടന്നു വരുന്നതായാണ് അറിയുന്നത്.<br><br>എച്ച്. എൽ. എൽ ലൈഫ് കെയർ ലിമിറ്റഡിന്റെ മുഴുവൻ ഓഹരികളും വിൽക്കുന്നതിനായി കേന്ദ്ര സർക്കാരിലെ സാമ്പത്തിക കാര്യങ്ങൾക്കുള്ള കാബിനറ്റ് കമ്മിറ്റി തത്വത്തിൽ അംഗീകാരം നൽകിയിരുന്നു. കേന്ദ്ര സർക്കാരിലെ ഡിപ്പാർട്ട്മെന്റ് ഓഫ് ഇൻവെസ്റ്റ്മെന്റ് & പബ്ലിക് അസ്സെറ്റ് മാനേജ്മെന്റാണ് ഇത് സംബന്ധിച്ച നോഡൽ ഏജൻസി. ഇതിന്റെ ഭാഗമായിട്ടുള്ള തുടർനടപടികൾക്കായി ട്രാൻസാക്ഷൻ അഡ്വൈസറിനേയും ലീഗൽ അഡ്വൈസറിനേയും സുതാര്യമായ നടപടികളിലൂടെ തെരഞ്ഞെടുത്തിട്ടുണ്ട്. കൂടാതെ ആസ്തികളുടെ മൂല്യനിർണ്ണയത്തിനായുള്ള കൺസൾട്ടന്റിനെയും തെരഞ്ഞെടുത്തിട്ടുണ്ട്. തുടർ നടപടികൾ സ്വീകരിച്ച് വരുന്നു എന്നാണ് ലഭ്യമായ വിവരം. |

| | | | |
|---|---|---|---|
| (സി) | പുതിയ കേന്ദ്ര പൊതുമേഖല സ്ഥാപനങ്ങൾ അനുവദിക്കാതിരിക്കുകയും നിലവിലുള്ളവ സ്വകാര്യവൽക്കരിക്കുകയും ചെയ്യുന്ന കേന്ദ്ര സർക്കാർ നയം സംസ്ഥാനത്തെ സുരക്ഷിതമായ വ്യാവസായിക അന്തരീക്ഷത്തെയും തൊഴിൽ മേഖലയെയും ദുർബലപ്പെടുത്തുമെന്ന വിലയിരുത്തൽ വ്യവസായ വകുപ്പ് നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ? | (സി) | ഉണ്ട്. സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്ന കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുടെ ഓഹരി വിറ്റഴിക്കൽ തീരുമാനം സംസ്ഥാനത്തിന്റെ വ്യാവസായിക വളർച്ചയെ പ്രതികൂലമായി ബാധിക്കുന്നതോടൊപ്പം അതാത് സ്ഥാപനങ്ങളിൽ പ്രവർത്തിച്ചു-വരുന്ന ജീവനക്കാരുടെ തൊഴിലിനും അതുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്ന അനുബന്ധ വ്യവസായ-ങ്ങളുടെ പ്രവർത്തനങ്ങളെയും പ്രതികൂലമായി ബാധിക്കും. വളരെയധികം തന്ത്രപ്രധാന-മായ മേഖലകളിൽ പ്രവർത്തിച്ചുവരുന്ന സ്ഥാപനങ്ങളുടെ പൊതുമേഖലയിൽ നിന്നുള്ള മാറ്റം സംസ്ഥാനത്തിന്റെ പൊതു ആസ്തികൾ അന്യാധീനപ്പെട്ടു പോകുന്നതിനും ഇടയാകും. ഇത്തരം പൊതു മേഖലാ സ്ഥാപനങ്ങളെ സംരക്ഷിച്ച് തൊഴിലും വരുമാനവും വർദ്ധിപ്പിക്കാനാണ് സർക്കാർ പരിമിതികൾക്കുള്ളിൽ നിന്നു കൊണ്ട് ശ്രമിച്ചു വരുന്നത്. |

സെക്ഷൻ ഓഫീസർ